# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 429 — 01. 12. 2015 ൽ മറുപടിക്ക്

### വൈദ്യുതി മോഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്; ആയതു പ്രകാരം എന്തു തുക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) 1,10,39,687 യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്. ആയതു പ്രകാരം നാളിതുവരെ 15,87,52,778/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| നമ്പർ | ജില്ല | യൂണിറ്റ് | തുക രൂപയിൽ |
| --- | --- | --- | --- |
| 1 | തിരുവനന്തപുരം | 8,66,523 | 1,33,22,654 |
| 2 | കൊല്ലം | 8,69,073 | 2,12,21,349 |
| 3 | ആലപ്പുഴ | 38,528 | 1,65,31,804 |
| 4 | പത്തനംതിട്ട | 2,10,968 | 45,78,024 |
| 5 | കോട്ടയം | 3,50,632 | 97,14,068 |
| 6 | എറണാകുളം | 23,62,319 | 3,20,94,898 |
| 7 | തൃശ്ശൂർ | 5,35,786 | 99,93,658 |
| 8 | ഇടുക്കി | 6,19,234 | 88,73,088 |
| 9 | മലപ്പുറം | 6,09,408 | 99,69,067 |
| 10 | വയനാട് | 24,890 | 9,55,658 |
| 11 | പാലക്കാട് | 9,01,174 | 1,10,94,440 |
| 12 | കോഴിക്കോട് | 6,19,872 | 97,82,252 |
| 13 | കണ്ണൂർ | 16,71,176 | 46,45,365 |

| | | | |
|---|---|---|---|
| 14 | കാസർഗോഡ് | 13,60,104 | 59,76,453 |
| | ആകെ | 1,10,39,687 | 15,87,52,778 |

(ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി ബോർഡ് ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട്; അവർ ആരെല്ലാമെന്നും അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് 5 ജീവനക്കാരെ ആൻറി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. <u>ശ്രീ. പി. ഉദയകുമാർ, ഓവർസിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ</u>

ടിയാൻ താമസിക്കുന്ന പരവൂർ, ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 6931-ാം നമ്പർ കൺസ്യൂമർ നമ്പരിലുള്ള വൈദ്യുതി കണക്ഷൻ എ.പി.റ്റി.എസ് 10.10.2012-ന് പരിശോധന നടത്തുകയും വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പിഴ യിനത്തിൽ 30146 രൂപ ടിയാനിൽ നിന്ന് ഈടാക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്ക് സഞ്ചിതമല്ലാത്ത രീതിയിൽ ബാർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. <u>ശ്രീ. എസ്. സലീം, ഓവർസിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ</u>

എ.പി.റ്റി.എസ് 23.06.2014-ന് കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലെ 8459-ാം നമ്പർ കൺസ്യൂമറായുള്ള ടിയാന്റെ വീട്ടിൽ നിന്നും വൈദ്യുതി മോഷണം പിടികൂടുകയും ടിയാനിൽ നിന്ന് 36,726/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും അച്ചടക്കനടപടിയുടെ ഭാഗമായി 21.10.2015-ന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

3. <u>ശ്രീ. സന്തോഷ് കുമാർ. എസ്സ്., ഓവർസിയർ, 66 കെ.വി സബ്സ്റ്റേഷൻ, കരുനാഗപ്പള്ളി</u>

| | |
|---|---|
| | 08.06.2015-ന് എ. പി. റ്റി. എസ് ടിയാൻ താമസിക്കുന്ന ബോർഡിന്റെ വക ക്വാർട്ടേഴ്സിൽ പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്. വൈദ്യുതി മോഷണത്തിന് ടിയാനിൽ നിന്നും 47,335/- രൂപ ഈടാക്കുകയും അതിനുപുറമെ 20000/- രൂപ കോമ്പൌണ്ടിംഗ് ഫീസിനത്തിൽ വസൂലാക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വിശദമായ വകുപ്പുതല അന്വേഷണത്തിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>4. **<u>ശ്രീ. അനിൽകുമാർ. കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇലക്ട്രിക്കൽ ഡിവിഷൻ, എടത്വ</u>**<br><br>എ. പി. റ്റി. എസ് 26.07.2012-ന് ടിയാൻ നിർമ്മാണ ആവശ്യത്തിനായി എടുത്തിട്ടുള്ളതും അമ്പലപ്പുഴ സെക്ഷന്റെ കീഴിൽ 23707 എന്ന കൺസ്യൂമർ നമ്പരിലുള്ളതുമായ മീറ്റർ പരിശോധിക്കുകയും വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടിയാനെതിരെ വൈദ്യുതി മോഷണത്തിന് ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പ് 135 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. 06.04.2015-ന് ആലപ്പുഴ അഡീഷണൽ സെക്ഷൻസ് കോടതി ടിയാനെ under Section 235 (1) Cr. PC പ്രകാരം കുറ്റവിമുക്തനാക്കുകയുണ്ടായി. വൈദ്യുത മോഷണത്തിന് ടിയാനിൽ നിന്നും 6,675/- രൂപ ഈടാക്കിയിട്ടുണ്ട്.<br>5. **<u>ശ്രീ. എ.എ. മാധവൻ, സബ് എഞ്ചിനിയർ, തോട്ടിയാർ പ്രോജക്ട്, വാഴത്തോപ്പ്</u>**<br>ടിയാൻ താമസിക്കുന്ന ക്വാട്ടേർസ് നമ്പർ E-29 B-യിൽ ഇലക്ട്രിക്കൽ സെക്ഷൻ, പൈനാവിന്റെ കീഴിലുള്ള 5742-ാം നമ്പർ കൺസ്യൂമർ നമ്പരിൽ എ. പി. റ്റി. എസ് 06.12.2014-ന് പരിശോധന നടത്തുകയും വൈദ്യുതിമോഷണം കണ്ടെത്തുക യുണ്ടായി. ആയതിന് ടിയാനിൽ നിന്നും 25,260/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ പിഴയിനത്തിൽ എത്ര തുക ഈടാക്കി, വ്യക്തമാക്കുമോ; | (സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ 5,21,01,618/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത കാലയളവിൽ കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ എത്ര വൈദ്യുതി മോഷണക്കേസുകൾ പിടികൂടി; ഇതുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ റദ്ദാക്കി; എത്രതുക പിഴയിനത്തിൽ ഈടാക്കി; വ്യക്തമാക്കുമോ? | (ഡി) കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ 390 വൈദ്യുതി മോഷണകേസുകൾ എ.പി.റ്റി.എസ് പിടികൂടിയിട്ടുണ്ട്. എ.പി.റ്റി.എസ് കേസുമായി ബന്ധപ്പെട്ട് കണക്ഷനുകളൊന്നും റദ്ദു ചെയ്തിട്ടില്ല. ഇവരിൽ നിന്നും പിഴയിനത്തിൽ 1,50,42,323/- രൂപ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ